LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009-10 വർഷത്തിലാണ് സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സമൂഹത്തിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് സ്കൂളുകൾ വഴിയും അങ്കണവാടികൾ വഴിയും സാമൂഹ്യ മാനസിക വിഷയങ്ങളിൽ സഹായം നൽകുക.

2. സാമൂഹ്യാധിഷ്ഠിത പദ്ധതികളിലൂടെയും വൈദഗ്ധ്യ പരിശീലനത്തിലൂടെയും കൗമാരപ്രായക്കാരായ പെൺകുട്ടികളെ ശാക്തീകരിക്കുക.

3. കൗമാരപ്രായക്കാരായ പെൺകുട്ടികളെ ബാധിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുക.

4. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക.

5. കൗമാരപ്രായക്കാരായ പെൺകുട്ടികൾ അഭിമുഖീകരിക്കേണ്ടിവരുന്ന ജെൻഡറുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുക.

(ബി) വിട്ടുതൽ ഉത്തരവ് നൽകിയിട്ടില്ല.

(സി) സ്കൂൾ കൗൺസിലർമാരുടെ നിയമനം കരാർ അടിസ്ഥാനത്തിലാണ് നിലവിൽ നടത്തിവരുന്നത്.

(ഡി) സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി നിലവിലെ രീതിയിൽ തുടരാവുന്നതാണ്.

സന്ദേശ് വൺ പദ്ധതി

310(1689) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ, 'സന്ദേശ് വൺ' എന്ന പദ്ധതിപ്രകാരം വനിതാ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംരംഭകർക്ക് അനുവദിക്കുന്ന വായ്പകളും, വായ്പ തുകയും ഇവർക്ക് നൽകുന്ന വിദഗ്ധ പരിശീലനത്തിന്റെ വിശദവിവരങ്ങളും വ്യക്തമാക്കാമോ;

(സി) പരിശീലനത്തിന് ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ഓരോരുത്തരിൽ നിന്നും ഈടാക്കുന്നത് എന്നും വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് നൽകുന്ന വായ്പകൾക്ക് എത്ര ജാമ്യമാണ് കോർപ്പറേഷൻ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷൻ 'സന്ദേശ് വൺ' എന്ന പദ്ധതി പ്രകാരം വനിതാ സംരംഭകരെ തെരഞ്ഞെടുക്കുന്നില്ല. സംരംഭകരെ തെരഞ്ഞെടുക്കുന്നത് പദ്ധതിയുടെ പങ്കാളികളായ ആൾടനേറ്റ് ലൈഫ് സ്റ്റൈൽ പ്രൈ. ലിമിറ്റഡും ഐ.എൽ.&എഫ്.എസ്. സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനും ചേർന്നാണ്. ഡിഗ്രി/തത്തുല്യമായ ഡിപ്ലോമ/ഡിഗ്രി പഠിക്കുന്ന വനിതകളിൽ (സ്റ്റാർട്ട് അപ് പോളിസി 2014 പ്രകാരം) നിന്നും താത്പര്യമുള്ളവരുടെ ജില്ലാതല യോഗം സംഘടിപ്പിക്കുകയും യോഗത്തിൽ പദ്ധതിയെക്കുറിച്ചുള്ള വിശദീകരണം നൽകി എഴുത്ത് പരീക്ഷയ്ക്കും അഭിമുഖത്തിനും ശേഷമാണ് സംരംഭകരെ ആൾടനേറ്റ് ലൈഫ് സ്റ്റൈൽ പ്രൈ. ലിമിറ്റഡും ഐ.എൽ.&എഫ്.എസ്. സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുത്ത സംരംഭകർക്ക് ആവശ്യമെങ്കിൽ കോർപ്പറേഷൻ വായ്പ നൽകിവരുന്നു.

(ബി) വനിതാ വികസന കോർപ്പറേഷന്റെ അംഗീകാരമുള്ള പ്രോജക്ടുകൾക്ക് 3 ലക്ഷം രൂപയോ പ്രോജക്ടിന്റെ 90 ശതമാനമോ ഇതിൽ ഏതാണോ കുറവ് ഈ തുക വായ്പയായി നൽകിവരുന്നു. സന്ദേശ് വൺ സംരംഭകർക്കും ഇതേ മാനദണ്ഡത്തിലാണ് വായ്പ നൽകിവരുന്നത്. സ്കിൽ ഡെവലപ്മെന്റ് കമ്പനികളിലൊന്നായ ഐ.എൽ.&എഫ്.എസ്.ന്റെ നേതൃത്വത്തിലാണ് പരിശീലനം നൽകിവരുന്നത്.

(സി) കോർപ്പറേഷൻ സംരംഭകർക്ക് പരിശീലനം നൽകുകയോ ഫീസ് ഈടാക്കുകയോ ചെയ്യുന്നില്ല. പരിശീലനം നൽകുന്ന ഐ.എൽ.&എഫ്.എസ്. ഫീസിനത്തിൽ 75,000 രൂപ ഈടാക്കുന്നു.

(ഡി) സന്ദേശ് വൺ സംരംഭകർക്ക് സഹ അപേക്ഷകയും രണ്ട് ജാമ്യക്കാരും അവരുടെ കരമടച്ച രസീതിന്റെയും അല്ലെങ്കിൽ ഉദ്യോഗസ്ഥ ജാമ്യത്തിന്റെയും അടിസ്ഥാനത്തിലാണ് വായ്പ നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly